പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ --**2912** **22.06.2012**- ലെ മറുപടിക്ക്

<u>വിദേശരാജ്യങ്ങളിൽ വച്ച് പരിക്കേൽക്കുന്നവർക്കും മരണപ്പെടുന്നവരുടെ കുടുംബങ്ങൾക്കുമുള്ള ധനസഹായം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
| --- | --- |
| <u>ശ്രീ. ബി. സത്യൻ</u> | <u>ശ്രീ. കെ. സി. ജോസഫ്</u><br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും പ്രവാസികേരളീയകാര്യവും വകുപ്പ് മന്ത്രി)* |
| (എ)വിദേശ രാജ്യങ്ങളിൽ വച്ച് മരണമടയുന്ന മലയാളികളുടെ കുടുംബങ്ങൾക്ക് നോർക്ക മുഖേന എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭ്യമാക്കുന്നത്;<br><br>(ബി)എന്ത് മാനദണ്ഡ പ്രകാരമാണ് പ്രസ്തുത ആനുകൂല്യങ്ങൾ നൽകുന്നതെന്ന് വ്യക്തമാക്കുമോ; | (എ &ബി) ദുരിതമനുഭവിക്കുന്ന പ്രവാസി കേരളീയർക്കായി നോർക്ക വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയായ 'സാന്ത്വന' പദ്ധതി നിലവിലുണ്ട്. വാർഷിക വരുമാനം 25,000/- രൂപയ്ക്ക് താഴെയുള്ള തിരികെയെത്തിയ പ്രവാസികളുടെ സഹായത്തിനായാണ് 'സാന്ത്വന' പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഈ പദ്ധതിയിൻ കീഴിൽ പ്രവാസി കേരളീയരുടെ ചികിത്സയ്ക്കോ, വിദേശത്തോ സ്വദേശത്തോ മരണപ്പെട്ട പ്രവാസികളുടെ/കുടുംബാംഗങ്ങളുടെ മരണാനന്തര ചടങ്ങുകൾ നടത്തുന്നതിനും അനുബന്ധച്ചെലവുകൾക്കും, പ്രവാസിയുടെ/ അടുത്ത കുടുംബാംഗങ്ങളുടെ ചികിത്സയ്ക്കും, അവരുടെ പെൺമക്കളുടെ വിവാഹാവശ്യത്തിനും, പ്രവാസിയുടെ/കുടുംബാംഗങ്ങൾക്ക് വീൽചെയർ/ക്രച്ചസ് എന്നിവ വാങ്ങുന്നതിനും ഒറ്റ തവണയായി നോർക്ക വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് പരമാവധി 20,000/- രൂപ വരെ സഹായം നൽകി വരുന്നുണ്ട്. ഇതു |

ലഭിക്കുന്നതിനായി പ്രവാസി നിശ്ചിത ഫോറത്തിൽ നിശ്ചിത സമയപരിധിക്കുള്ളിൽ ബന്ധപ്പെട്ട രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കണം.

2. **കാരുണ്യം**

വിദേശ രാജ്യങ്ങളിലും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും ജോലി ചെയ്യുന്ന പ്രവാസികേരളീയർ അവിടെ വച്ച് മരണമടയുന്ന സന്ദർഭങ്ങളിൽ അവരുടെ മൃതശരീരം വിമാന മാർഗ്ഗം/റെയിൽ മാർഗ്ഗം സ്വന്തം നാട്ടിൽ കൊണ്ടുവരുന്നതിന് നിയമാനുസൃതമായി സാമ്പത്തിക സഹായം നൽകുന്നതിനായി 'കാരുണ്യം' എന്ന പേരിൽ സർക്കാർ ഒരു ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. വിദേശത്ത് നിന്ന് കൊണ്ടുവരുന്നതിനു പരമാവധി 50,000/- രൂപയും ഇന്ത്യയ്ക്കകത്ത് മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടു വരുന്നതിന് പരമാവധി 10,000/- രൂപയുമാണ് അനുവദിക്കുന്നത്.

3. **ചെയർമാൻ ഫണ്ട്**

ഈ ഫണ്ടിൽ നിന്നും ഏറെ കഷ്ടപ്പെടുന്ന പ്രവാസികളിൽ അർഹരായവർക്ക് ധനസഹായം അനുവദിക്കാറുണ്ട്. മരണാനന്തര ധനസഹായമായും, ചികിത്സാധനസഹായമായുമാണ് തുക അനുവദിക്കുന്നത്. പരമാവധി 25,000/- രൂപയാണ് ധനസഹായം അനുവദിക്കുന്നത്.

കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിൽ അംഗമായിരിക്കെ അസുഖം മൂലമോ അപകടം മൂലമോ, മരണമടയുന്ന പ്രവാസി കേരളീയനായ(വിദേശം) അംഗത്തിന്റെ

ആശ്രിതർക്ക് അൻപതിനായിരം രൂപയും വിദേശത്തുനിന്നും തിരിച്ചുവന്ന പ്രവാസി കേരളീയനായ(വിദേശം) അംഗത്തിന്റെ ആശ്രിതർക്ക് മുപ്പതിനായിരം രൂപയും, പ്രവാസി കേരളീയനായ(ഭാരതം) അംഗത്തിന്റെ ആശ്രിതർക്ക് ഇരുപത്തയ്യായിരം രൂപയും, കല്പിത അംഗങ്ങളുടെ ആശ്രിതർക്ക് ഇരുപതിനായിരം രൂപയും മരണാനന്തര ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. നോർക്ക - റൂട്ട്സിൽ നിന്ന് നൽകുന്ന പ്രവാസി ഐഡൻഡിറ്റി കാർഡിനോടൊപ്പം ഇൻഷുറൻസ് നൽകുന്നുണ്ട്. അപകടമരണത്തിനു രണ്ട് ലക്ഷം രൂപയാണ് ഇൻഷുറൻസ് കവറേജ്.

(സി)പരിക്കേറ്റവർക്കുള്ള ധനസഹായം ഏത് രീതിയിലാണ് നൽകുന്നതെന്ന് വിശദമാക്കുമോ?

(സി) വിദേശത്ത് വച്ച് അപകടം മൂലം പരുക്കേൽക്കുന്നവർക്ക് അവർ സ്ഥിരതാമസത്തിനായി തിരികെവന്നാൽ സാന്ത്വന,ചെയർമാൻ ഫണ്ട് പദ്ധതികളിൻ കീഴിൽ ചികിത്സാധനസഹായം അനുവദിക്കുന്നുണ്ട്. സാന്ത്വന പദ്ധതിയിൻ കീഴിൽ ഗുരുതരമായി പരുക്കേറ്റ് ചികിത്സയിലായിരിക്കുന്നവർക്ക് പരമാവധി 20,000/- രൂപയും, ചെയർമാൻ ഫണ്ട് പദ്ധതിയിൻ കീഴിൽ പരമാവധി 25,000/- രൂപയും, തിരിച്ചറിയൽ കാർഡ് പദ്ധതിയിൻ കീഴിൽ അപകടം മൂലമുണ്ടാകുന്ന അംഗവൈകല്യങ്ങൾക്ക് ഇൻഷുറൻസ് കമ്പനി നിജപ്പെടുത്തുന്ന തുകയും ധനസഹായമായി അനുവദിക്കുന്നുണ്ട്. അപകടം മുഖേന പരിക്കേറ്റ കേരള പ്രവാസി കേരളീയ ക്ഷേമനിധി അംഗങ്ങൾ ഗുരുതരമായ ശസ്ത്രക്രിയയ്ക്കു വിധേയരായി ഒരു മാസമോ അതിലധികമോ ആശുപത്രിയിൽ കഴിയേണ്ടിവരുന്ന സാഹചര്യത്തിൽ ചികിത്സാധനസഹായം പരമാവധി 50,000/- രൂപ വരെ അനുവദിച്ചുവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ